## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 654 09/02/2016-ൽ മറുപടിക്ക്

## ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ഭൂരഹിതരായ ആദിവാസികൾക്ക് മുഴുവനും ഭൂമി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക്, മുഴുവനും ഭൂമി നൽകണമെന്ന ലക്ഷ്യത്തിൽ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതി പ്രകാരം 2013-14 സമ്പത്തികവർഷം മുതൽ ഇതുവരെ 524 പേർക്ക് 184.901 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. കൂടാതെ ടി.ആർ.ഡി.എം മുഖേന നാളിതുവരെ 7033 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 9161.49 ഏക്കർ ഭൂമി വിതരണവും, വനാവകാശ നിയമപ്രകാരം നാളിതുവരെ 24898 കുടുംബങ്ങൾക്ക് 350.73 ഏക്കർ ഭൂമിയും, റവന്യൂ വകുപ്പ് 'ഭൂരഹിതകേരളം' പദ്ധതിയിലൂടെ 450 പേർക്ക് 3 സെന്റ് വീതവും, കെ.എസ്.ടി ആക്ട് പ്രകാരം 785 കുടുംബങ്ങൾക്ക് 611.61 ഏക്കർ ഭൂമിയും അനുവദിച്ച നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്കു കൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ സ്വീകരിച്ചുവരികയാണ്. |
| ബി) | ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ? | ബി) | മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ